# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ 2782

18..08.2017-ൽ
മറുപടിയ്ക്ക്

### ഉന്നതവിദ്യാഭ്യാസ മേഖലയിലുണ്ടായ ദുരവസ്ഥ പരിഹരിക്കൽ

**ചോദ്യം**
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.ടി.എ.റഹീം
ശ്രീ.എൻ.വിജയൻപിള്ള
ശ്രീ.പി.കെ.ശശി

**ഉത്തരം**
പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഉയർന്ന പ്രതിഫലമുളള തൊഴിൽ നേടുക എന്നതു മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ന വിലയിരുത്തൽ ഈ മേഖല യിലുണ്ടാക്കിയ ദുരവസ്ഥ പരിഹരിക്കാനായി ഏതു വിധ ത്തിലുള്ള ഇടപെടലാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | ഉയർന്ന പ്രതിഫലം എന്നതിലുപരി സാമൂഹിക പ്രതിബദ്ധതയും തൊഴിൽ നൈപുണ്യവുമുളള എഞ്ചിനീയർമാരെ സൃഷ്ടിക്കാൻ ഉതകുന്ന വിധമുളള പഠനക്രമങ്ങൾക്കും പ്രവർത്തനങ്ങൾ ക്കുമാണ് ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നിലവിൽ പ്രാധാന്യം നൽകിവരുന്നത്. അക്കാദമിക് മികവിനോടൊപ്പം പ്രായോഗികതയ്ക്ക് ഊന്നൽ നൽകി യിട്ടുളള ഇത്തരം പഠന സമ്പ്രദായം കഴിവുറ്റ യുവ സമൂഹത്തെ സൃഷ്ടിക്കാൻ ഉപകരിക്കും. |

| | | | |
|---|---|---|---|
| | | | കൂടാതെ സംസ്ഥാനത്തെ സർവ്വകലാശാലകളേയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുമുണ്ട്. |
| (ബി) | എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് യോഗ്യതയ്ക്ക് അനുസൃതമായ തൊഴിലോ പ്രതിഫലമോ ലഭിക്കാത്തതിന്റെ പരിണിത ഫലമായി സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പകുതിയോളം സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയും അതേ സമയം ഉയർന്ന മാർക്ക് നേടിയ വിദ്യാർത്ഥികൾക്കു പോലും ശാസ്ത്ര മാനവിക ബിരുദ വിഷയങ്ങളിൽ സീറ്റ് ലഭിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യം തിരുത്തുന്നതിന് എങ്ങനെ സാധ്യമാകും; | (ബി) | അനാകർഷകമായ ചില കോഴ്സുകൾക്ക് പൊതുവേ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന പ്രവണത നിലവിലുണ്ട്. അത്തരം കോഴ്സുകൾ നിർത്തലാക്കി വിദ്യാർത്ഥികൾക്ക് താൽപര്യമുള്ള മറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള സൗകര്യം സർക്കാർ നൽകിയിട്ടുണ്ട്. ചില സ്ഥാപനങ്ങൾ ഈ സൗകര്യം ഉപയുക്തമാക്കി പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (സി) | ഈ സാഹചര്യത്തിൽ ഇരുപതോളം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സ്ഥിര അഫിലിയേഷൻ നൽകാൻ സാങ്കേതികശാസ്ത്ര സർവകലാശാല അധികൃതർ നീക്കം നടത്തുന്നുവെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിക്കുമോ? | (സി) | സ്ഥിരം അഫിലിയേഷൻ അല്ലെങ്കിൽ സ്വയം ഭരണശേഷിയുള്ള കോളേജുകളെ മാത്രമേ കേന്ദ്ര സർക്കാർ ഏജൻസികൾ ധനസഹായത്തിന് പരിഗണിക്കുകയുള്ളു. സംസ്ഥാനത്തെ സർക്കാർ കോളേജുകളടക്കമുള്ളവയ്ക്ക് സ്ഥിരം അഫിലിയേഷൻ ഉണ്ടായാൽ മാത്രമേ യു.ജി.സി. മുതലായ വകുപ്പുകളുടെ വിവിധ പദ്ധതികൾക്ക് അപേക്ഷിക്കുവാൻ കഴിയുകയുള്ളു. അതിനാൽതന്നെ NBA Accreditation ഉള്ള കോളേജുകൾക്ക് 5 വർഷത്തേക്കുള്ള സ്ഥിരം അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ എ.പി.ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചുവരുന്നു. |

Salashi

സെക്ഷൻ ഓഫീസർ